# മിന്നുകെട്ടിന്റെ പണിപ്പുരയിൽ

പുസ്തകത്തിനു ലഭിച്ച പ്രതികരണങ്ങൾ

## അനന്യത പുലർത്തുന്ന ഗ്രന്ഥം

ശ്രീ. ജോർജ്ജ് കാടൻകാവിൽ എഴുതിയ "മിന്നുകെട്ടിന്റെ പണിപ്പുരയിൽ" വായിച്ചപ്പോൾ എന്താണതിനെ വിളിക്കേണ്ടത് എന്നു ചിന്തിച്ചു. കഥകളോ, ഗദ്യത്തിലെഴുതിയ കവിതയോ, ലേഖനങ്ങളോ? എന്തുമാകട്ടെ "അനുവാചക ഹൃദയങ്ങളെ ആമുദ്രമാക്കാൻ പോരുന്ന വാങ്മയം" എന്നു ഞാൻ വിളിക്കട്ടെ. പതിറ്റാണ്ടുകളുടെ ജീവിതാനുഭവങ്ങൾ കലാപരമായി ലളിതമായ ഭാഷയിൽ വരച്ചു കാട്ടുവാൻ കവി ഹൃദയമുള്ള ജോർജ്ജിനു കഴിഞ്ഞിട്ടുണ്ട്. ആപാദചൂഢം ഹൃദയഹാരിയാണ് പ്രതിപാദ്യം.

വല്ലഭനു പുല്ലും ആയുധം എന്നതുപോലെ, തീർത്തും ക്ഷുദ്രമെന്നും, സാധാരണമെന്നും കണക്കാക്കി അവഗണിക്കപ്പെട്ടിരുന്ന വിഷയത്തെക്കുറിച്ച് ഡസൻ കണക്കിനു ലേഖനങ്ങൾ രചിക്കുവാൻ കഴിഞ്ഞത് ഈ എഴുത്തുകാരന്റെ അനന്യമായ കഴിവാണ്. അനൗപചാരികമെങ്കിലും ഈ ഗ്രന്ഥത്തിലെ പ്രമേയം ആയിരങ്ങളുടെ ഹൃദയാന്തരാളത്തിൽ നിന്ന് പൊന്തുന്ന ചോദ്യങ്ങളാണ്. അവയ്ക്കുത്തരം നൽകാൻ സർവ്വ വിജ്ഞാനകോശങ്ങളോ, ഇന്റർനെറ്റ് - വെബ്സൈറ്റുകളോ കാണുകയില്ല. ദീർഘകാലത്തെ ജീവിത പരിചയത്തിൽ നിന്ന് ശ്രീ. ജോർജ്ജ് സർവ്വ സ്പർശിയായ ഉത്തരങ്ങൾ നൽകുന്നത് അനുവാചകന് വലിയ അനുഗ്രഹമാണ്.

ഒന്നും ഒന്നും ചേർന്നാൽ ഇമ്മിണി ബല്യ ഒന്ന് എന്ന് ആദ്യം പറഞ്ഞത് ബേപ്പൂർ സുൽത്താനാണ്. ഒന്നും ഒന്നും രണ്ടല്ല. രണ്ടു തോടുകൾ ചേർന്നാൽ ഒരു വലിയ തോടാകും. അതുപോലെ വരനും വധുവും രണ്ടു കുടുംബങ്ങളിൽ രണ്ടു സാഹചര്യങ്ങളിൽ ജനിച്ച് സ്വതന്ത്രമായി ഒഴുകുന്ന രണ്ടു നീരൊഴുക്കുകളാണ്. അവർ ഒരുമിച്ചു ചേർന്ന് ഒന്നായി ഒഴുകുന്നു. ആ ഒഴുക്കിൽ പ്രതിബന്ധങ്ങൾ ഉണ്ടാകാം, കരകൾ ഇടിഞ്ഞുവീണെന്നു വരാം, പക്ഷേ അതിനേയെല്ലാം അതിജീവിച്ചു മുന്നേറുന്നത് പരസ്പരമുള്ള സ്നേഹത്തിന്റെ ഊർജ്ജം കൊണ്ടാണ്. വിവാഹജീവിതത്തെ നീരൊഴുക്കിനോട് സദൃശ്യപ്പെടുത്തുന്നത് സമ്യക്കാണ്. എല്ലാ നദികളും ഒഴുകി ചേരുന്നത് കടലിലാണ്. നദികളെ ജീവാത്മാവും, കടലിനെ പരമാത്മാവുമായി സങ്കല്പിക്കുന്ന ഭാരതീയ തത്വദർശനം ഇവിടെ സമീചീനമാണ്. ശ്രീ ജോർജ്ജിന്റെ ലേഖനങ്ങളിലെല്ലാം അന്തർധാരയായി നിൽക്കുന്നത്, പരിപക്വവും പാവനവുമായ ഒരു ജീവിത ദർശനമാണ്.

ഒരു പരീക്ഷയിൽ എഴുതി തോറ്റാൽ മറ്റൊരു പരീക്ഷ എഴുതാം. ഒരു ബിസിനസ്സു പൊളിഞ്ഞാൽ മറ്റൊന്നു തുടങ്ങാം, സർക്കാർ ജോലി നഷ്ടപ്പെട്ടാൽ സ്വകാര്യ സ്ഥാപനത്തിൽ കയറിക്കൂടാം. പക്ഷെ വിവാഹജീവിതാന്തസ്സിൽ ഒരുക്കമോ, ആലോചനയോ, അവധാനതയോ കൂടാതെ ഏർപ്പെട്ട് അത് പരാജയപ്പെട്ടാൽ, മറ്റെല്ലാ നേട്ടങ്ങളും നിഷ്പ്രഭമായെന്നു വരാം. അപരിഹാര്യമായ ദുർവിധികളിലേക്ക് സാഹചര്യം നമ്മെ തള്ളിവിട്ടെന്നു വന്നേക്കാം. അവിടെയാണ് ഇത്തരമൊരു പുസ്തകത്തിന്റെ പ്രസക്തിയും പ്രാധാന്യവും വ്യക്തമാകുന്നത്.

നാനാ വിഷയങ്ങൾ സംബന്ധിച്ച് എണ്ണമില്ലാതെ ഗ്രന്ഥങ്ങൾ ഭാഷയിലുണ്ട്. പക്ഷേ ഈ ഗ്രന്ഥം പ്രമേയ സംബന്ധമായി അനന്യത പുലർത്തുന്നു. ഇത്തരമൊരു ഗ്രന്ഥം ആരെങ്കിലും നേരത്തെ എഴുതിയിരുന്നെങ്കിൽ ആയിരങ്ങൾക്ക് ജീവിതത്തിൽ കൈത്തിരി ആകുമായിരുന്നു.

വാക്കുകൾ പറന്നു പോകുന്നു, അനുഭവങ്ങൾ അനശ്വരത നൽകുന്നു എന്നു പറയാറുണ്ട്. ഈ എഴുത്തുകാരൻ, മിന്നുകെട്ടിന്റെ പണിപ്പുരയിൽ രചിച്ചിരിക്കുന്നത് ജീവിതത്തിന്റെ പണിപ്പുരയിൽ വെച്ചാണ്. ജീവിത സ്പർശിയായ സംഭവങ്ങൾ അനുവാചകന് ഗൃഹാതുരത്വം (Nostalgic experience) പ്രദാനം ചെയ്യും. പ്രശ്നങ്ങളെ സ്വകീയമാക്കി നിർദ്ധാരണം ചെയ്യാൻ ഇതു സഹായിക്കുകയും ചെയ്യുന്നു.

മംഗല്യ വേദികയ്ക്ക് മണിയറ ഒരുക്കിയ ഗ്രന്ഥകാരന് മംഗളം ആശംസിച്ചുകൊള്ളുന്നു.

**റവ.ഡോ. ഇസഡ്. എം. മൂഴൂർ**